## പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2678

09-03-2017-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.ആർ.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) | 1. പ്രീ.മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽതാഴെ വാർഷിക കുടുബ വരുമാനമുള്ളവർക്ക്)<br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500/-രൂപ<br>8. ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000/- രൂപ<br>9. പ്രാരംഭച്ചെലവുകൾ<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം<br>12. വിഷൻ 2013- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 13. പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ്.എൽ.സി, +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)<br><br>14. ബുക്ക് ബാങ്ക് സ്കീം (50% CSS)<br>15. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം |
| ബി) | നിലവിൽ ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വരുത്തിയ വർദ്ധനവ് എത്ര വീതമെന്ന് വ്യക്തമാക്കാമോ; | ബി) | വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ തുക 25% വർദ്ധിപ്പിച്ചിട്ടുണ്ട്; 25.06.2016 ലെ സർക്കാർ ഉത്തരവ്(എം.എസ്)43/2016/ പജപവവിവ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| സി | ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ പോക്കറ്റ് മണി, ഹോസ്റ്റൽ ഡേ അലവൻസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; | സി) | വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീമെട്രിക്/പോസ്റ്റ് മെട്രിക്തലത്തിൽ പോക്കറ്റ്മണി 25% ഉയർത്തി. ഹോസ്റ്റൽ ഡേ അലവൻസ് 25രൂപയായിരുന്നത് 100 രൂപയാക്കി. |
| ഡി) | ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചിട്ടുണ്ടോ; | ഡി) | ആരംഭിച്ചിട്ടുണ്ട്. 44 ഐ.റ്റി.ഐ.കളിലെ 1800 വിദ്യാർത്ഥികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്. |
| ഇ) | മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഇ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ യഥാസമയം വിതരണം ചെയ്യുന്നുണ്ട്. അപേക്ഷയിലെ സാങ്കേതിക തകരാറുകൾ കാരണം അനുമതി നൽകുവാൻ താമസമുണ്ടായ ക്ലെയിമുകൾ തകരാറുകൾ പരിഹരിച്ച് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ